## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **27-02-2023 - ൽ മറുപടിയ്ക്ക്**

## വ്യവസായ വാണിജ്യ നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനെ വ്യവസായ നിക്ഷേപങ്ങൾക്ക് അനുകൂലവും ഉല്പാദനക്ഷമവുമായ ഇടമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വാണിജ്യനയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായവത്കരണം ലക്ഷ്യമിട്ട് സർക്കാർ പുതിയ വ്യവസായ നയം (കരട്) തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു.<br><br>നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു. അതിവേഗ വളർച്ചക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയത്തിൽ വിവിധ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ആധുനികവൽകരണം നടപ്പിലാക്കി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച്, മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുവാൻ വേണ്ട നടപടികൾക്കും പുതിയ വ്യവസായ നയം ഊന്നൽ നല്കുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണം നടപ്പിലാക്കി, വിപണി ആവശ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത |

| | | | |
|---|---|---|---|
| | | | വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവെയ്ക്കുന്നു.<br><br>ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പുതിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. അതിവേഗ വളർച്ചയും നിക്ഷേപ സാധ്യതയുമുള്ളതാണ് പ്രസ്തുത മുൻഗണനാ മേഖലകൾ. എയ്റോസ്പേസ് & ഡിഫൻസ്; നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ; ആയുർവ്വേദം; ബയോടെക്നോളജി & ലൈഫ് സയൻസ്; രൂപകൽപ്പന; ഇലക്ട്രിക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉൽപാദനവും; എഞ്ചിനീയറിങ് ഗവേഷണവും വികസനവും; ഭക്ഷ്യ സാങ്കേതികവിദ്യകൾ; ഗ്രാഫീൻ; ഹൈടെക് ഫാമിങ്ങും മൂല്യവർദ്ധിത തോട്ടവിളയും; ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ; ലോജിസ്റ്റിക്ക്സ് & പാക്കേജിംഗ്; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ; നാനോടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും; പുനരുപയോഗ ഊർജ്ജം; ചില്ലറ വ്യാപാര മേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും; 3D പ്രിൻറിംഗ് എന്നിവയാണ് മേല്പറഞ്ഞ മുൻഗണനാ മേഖലകൾ. പ്രസ്തുത മേഖലകളിലൂന്നിയ വിവിധതരം നിക്ഷേപ സൗഹാർദ്ദ നടപടികളും, പശ്ചാത്തല സൗകര്യങ്ങളും, ആനുകൂല്യങ്ങളും കരട് നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | മേഖലാടിസ്ഥാനത്തിൽ വൻകിട നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപകരുമായി നേരിട്ട് ചർച്ച നടത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള മീറ്റ് ദ ഇൻവെസ്റ്റർ പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി അറിയിക്കാമോ; | (ബി) | നൂറ് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് 'മീറ്റ് ദ ഇൻവെസ്റ്റർ'. സംരംഭകരുടേയും വ്യവസായികളുടേയും അഭിപ്രായങ്ങൾ തേടുകയും സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്ക് പുറമേ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിധ്യവൽക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകും. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ, ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ |

| | | | |
|---|---|---|---|
| | | | തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്.<br><br>'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി-യെയും കിൻഫ്ര-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ട് തന്നെ പ്രവർത്തിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു.<br><br>മേൽ പരിപാടിയുടെ തുടർച്ചയായി പ്രവർത്തനമാരംഭിച്ച സംരംഭങ്ങളിൽ ലോകത്തെ പ്രമുഖ എംപ്ലോയർ ഓർഗനൈസേഷനായ വെൻഷ്വറിന്റെ തിരുവനന്തപുരത്തെ ഓഫീസ്, കോഴിക്കോട് ക്രേസ് ബിസ്കറ്റ് ഫാക്ടറി എന്നിവ ഉൾപ്പെടുന്നു. കൂടാതെ കോസ്മെറ്റിക്ക് ഉൽപ്പന്ന നിർമ്മാതാക്കളായ അത്താച്ചി ഗ്രൂപ്പിന്റെ കമ്പനി പാലക്കാട് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുന്നതോടൊപ്പം തുടങ്ങിയ സംരംഭങ്ങൾ നിലനിർത്തി സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രോഗ്രാം എല്ലാ ജില്ലകളിലും നടത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഇടുക്കി ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം നടത്തിയിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ ഇടുക്കി ജില്ലയിൽ നിശ്ചയിച്ചിരുന്ന പ്രോഗ്രാം നടത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ